# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലക്കോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി-13/1354/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/01/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി-13/1354/21 തീയ്യതി: 03/01/2022

## കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-09-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 05-10-2021 |
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീ ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

ശ്രീമതി അന്ന അബ്രഹാം,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മോളി മാത്തവൽ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ ജോസഫ് കെ.എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി അഫ്സത്ത്.കെ | സെക്രട്ടറി | 01-04-2020 | 25-05-2020 |
| ശ്രീ ജോസഫ്.പി എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-05-2020 | 21-06-2020 |
| ശ്രീ ബിനു വർഗ്ഗീസ് | സെക്രട്ടറി | 22-06-2020 | 27-07-2020 |
| ശ്രീ പ്രസന്നകുമാർ എൻ.എൻ | സെക്രട്ടറി | 28-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റോസ്ലിജി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 18-10-2020 |
| രേഷ്മ എസ് കുമാർ | അസിസ്റ്റന്റ് എൻജിനീയർ | 19-10-2020 | 31-03-2021 |
| ഡോ:മുജീബ് റഹ്മാൻ.കെ പി | വെറ്ററിനറി സർജ്ജൻ | 01-04-2020 | 04-09-2020 |
| ഡോ:ബിജോയ് വർഗ്ഗീസ് | വെറ്ററിനറി സർജ്ജൻ | 05-09-2020 | 11-02-2021 |
| ഡോ:മുഹമ്മദ് ബഷീർ | വെറ്ററിനറി സർജ്ജൻ | 12-02-2021 | 31-03-2021 |
| ശ്രീ സുരേഷ് കുമാർ.കെ.എൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-05-2020 |
| ഷിജി ജോസഫ് | ഹെഡ്മാസ്റ്റർ | 01-06-2020 | 31-03-2021 |
| ശ്രീ അനൂപ് ആർ.എൽ | കൃഷി ഓഫീസർ | 01-04-2020 | 24-02-2021 |
| ശ്രീ.ഡിക്സൺ ദേവസി | കൃഷി ഓഫീസർ | 25-02-2021 | 31-03-2021 |
| ശ്രീമതി സജന കായിക്കീൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ:ബിൻസി ജോസഫ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ:ഉമാമഹേശ്വരി.എസ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 07-02-2021 |
| ഡോ:ഇന്ദിര കെ.ആർ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 08-02-2021 | 31-03-2021 |
| ശ്രീ ജോസഫ് പി.എ | അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി അൽഫോൺസ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു.കെ കെ | വി.ഇ.ഒ,ആലക്കോട് സർക്കിൾ | 01-04-2020 | 27-10-2020 |
| ശ്രീമതി ദിവ്യ വിജയൻ | വി.ഇ.ഒ,ആലക്കോട് സർക്കിൾ-ഇൻ ചാർജ് | 28-10-2020 | 03-11-2020 |
| ശ്രീ മുഹമ്മദ് ബഷീർ.എൻ പി | വി.ഇ.ഒ,ആലക്കോട് സർക്കിൾ | 04-11-2020 | 31-03-2021 |
| ശ്രീമതി ദിവ്യ വിജയൻ | വി.ഇ.ഒ,തേർത്തല്ലി സർക്കിൾ | 01-04-2020 | 31-03-2021 |

12-11-2020 മുതൽ 20-12-2020 വരെയുള്ള കാലയളവിലെ ഭരണനിർവഹണസമിതി അംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. 1.പ്രസന്നകുമാർ.എൻ.എൻ,സെക്രട്ടറി 2.രേഷ്മ എസ് കുമാർ,അസിസ്റ്റന്റ് എൻജിനീയർ,തസ്വഭവ, 3.അനൂപ് .ആർ.എൽ,കൃഷി ഓഫീസർ. 21-12-2020 തീയതീയിൽ പുതിയ ഭരണസമിതി നിലവിൽ വരികയും 30-12-2020 തീയതിയിൽ പുതിയ ഭരണസമിതിയുടെ പ്രസിഡണ്ട് ചുമതലയേൽക്കുയും ചെയ്തു.

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Suresh Babu KV (Audit Officer, On 25-11-2021) | 1-1-1 |
| 3 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-1-2 |
| 4 | വാർഷികധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Anu Abraham (Auditor, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 05-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-10 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-11 |
| 14 | FTE&OS ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-12 |
| 15 | ആലക്കോട് ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് ഉപയോഗിക്കപ്പെടുന്നില്ല- തനത് വരുമാന നഷ്ടം<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-13 |
| 16 | പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-14 |
| 17 | ഇ -ടെണ്ടർ ചെയ്യാത്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് | 1-15 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | |
| 18 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തുക നൽകി - ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-16 |
| 19 | കെ എസ് ഇ ബി-ഡെപ്പോസിറ്റ് -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-17 |
| 20 | പ്രവൃത്തി പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-18 |
| 21 | എസ് എസ് എ-വിഹിതം നൽകൽ-ഗ്രാമപഞ്ചായത്ത്-മുഖ്യപങ്ക് വഹിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-19 |
| 22 | ജലജീവൻമിഷൻ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-20 |
| 23 | പഞ്ചായത്ത് ലൈബ്രറി-വിതരണം ചെയ്ത പുസ്തകങ്ങൾ -തിരികെ ലഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-21 |
| 24 | പെരുവട്ടം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി - ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക നൽകി- 23037/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. നിർവഹണത്തിലെ അപാകങ്ങൾ -1386963/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-22 |
| 25 | ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-23 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-24 |
| 27 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-25 |
| 28 | പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം-പദ്ധതിയിൽ അപാകങ്ങൾ - ₹52,800 തടസപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-26 |
| 29 | പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ- പദ്ധതിയിൽ അപാകങ്ങൾ -₹1,84,800 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-27 |

| | | |
|---|---|---|
| 30 | പട്ടിക ജാതി,പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (New) -അപാകങ്ങൾ- ₹193720 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-28 |
| 31 | പട്ടിക ജാതി,പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം- ലാപ്ടോപുകൾ ലഭ്യമായിട്ടില്ല.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-29 |
| 32 | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ -₹2,400 നിരാകരിക്കുന്നു.₹1,27,770 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-30 |
| 33 | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ (138/20-21)-₹1,40,540 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 24-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-31 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പദ്ധതിയിൽ അപാകങ്ങൾ - ₹3,46,500 തടസ്സപ്പെടുത്തുന്നു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-32 |
| 35 | അങ്കണവാടികളിലെ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണം.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 22-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-33 |
| 36 | തുക അടച്ചിട്ടും ഹോമിയോ മരുന്നുകൾ ലഭിച്ചില്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 22-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 1-34 |
| 37 | ടി ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.ലഭിച്ച മുഴുവൻ തുകയും സബ് സിഡിയറി രജിസ്റ്ററിൽ ചേർത്തിട്ടില്ല.<br>Written By: Ganesan Keloth (Asst. Audit Officer, On 23-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-35 |
| 38 | സംയുക്തപ്രൊജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭിച്ച തുക വിനിയോഗിക്കാതെ കിടക്കുന്നു.<br>Written By: Ganesan Keloth (Asst. Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പെരുവട്ടം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി-ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക നൽകി- 23037രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 3-1 |
| 2 | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ -195/20-21 (Spill Over)-₹2,400 നിരാകരിക്കുന്നു.<br>Written By: Anu Abraham (Auditor, On 26-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 24-12-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 03-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 21-11-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 27-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഫിനൻഷ്യൽ സ്റ്റേറ്റ്മെന്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 20-03-2020 തീയതിയിലെ യോഗത്തിലെ 18/2020 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 25-03-2020 തീയതിയിൽ രാവിലെ ചേർന്ന സാധാരണയോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-56/20) അതേ ദിവസം ഉച്ചക്ക് ശേഷം ചേർന്ന ഭരണസമിതിയുടെ പ്രത്യേകയോഗത്തിൽ 57/20 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 08.02.2021 യോഗത്തിലെ തീരുമാനപ്രകാരം (അജണ്ട- 1) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 18-02-2021തീയതിയിലെ 1/1/21 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9731055 | 9731055 |
| വരവ് | 247603081 | 328036636 |
| ആകെ | 257334136 | 337767691 |
| ചെലവ് | 250543340 | 334531300 |
| നീക്കിയിരിപ്പ് | 6790796 | 3236391 |

ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാനുവലിലെ നിർദ്ദേശം. കരട് ബജറ്റ് ചർച്ചകൾക്ക് വിധേയമാക്കാതെയും യാതൊരു ഭേദഗതികൾ നിർദ്ദേശിക്കാതെയും അവതരിപ്പിച്ച ദിവസം തന്നെ ബജറ്റ് പാസാക്കിയത് ബജറ്റ് മാനുവലിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാനുവലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 09-07-2021 | തിരിച്ചയച്ചിട്ടില്ല |

1. തൻവർഷം വരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ആകെ മൂല്യം 158478998/- രൂപയാണ്. (ബി 11 + ബി 11എ) എന്നാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B-3-യിൽ കാണിച്ചിരിക്കുന്നത് 176458366/- രൂപയാണ്. വ്യത്യാസം 17979368/- രൂപ.

2. ബി4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നത് 1341370/- രൂപയാണ്. ബി 17 പ്രകാരം 1000000/- രൂപ മാത്രമേ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ കാണിച്ചിട്ടുള്ളൂ. വ്യത്യാസം 341370/- രൂപ.

3. തെരുവു വിളക്കുകളുടെ കുടിശ്ശിക, ജനപ്രതിനിധികളുടെ ഹോണറേറിയം, ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | തെരുവു വിളക്കുകളുടെ കുടിശ്ശിക | 13640 |
| 2 | ജനപ്രതിനിധികളുടെ ഹോണറേറിയം | 160400 |

4. ബാലൻസ് ഷീറ്റിൽ (ബി-15) വസ്തു നികുതി കുടിശ്ശികയ്ക്ക് (777019/-) ആനുപാതികമായ തുകയല്ല (5%) ലൈബ്രറി സെസ് ഇനത്തിൽ (38851/-) ഉൾപ്പെടുത്തിയിരിക്കുന്നത്.

5. ആർജ്ജിച്ച ആസ്തികളുടെ വർഗ്ഗീകരണം, മൂല്യനിർണ്ണയം എന്നിവ നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴുവൻ ഭൂമിയുടേയും മൂല്യം അക്കൗണ്ടിങ്ങിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. വികസനഫണ്ട് ജനറൽ,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്നീ ഗ്രാന്റുകളിലെ വരവ് തുകകൾ പരിശോധനക്ക് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റുമെന്റിലെ വരവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31482344 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 120440991 |
| ആകെ | 151923335 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 119456096 |
| നീക്കിയിരിപ്പ് | 32467239 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25437 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2433093 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യിരിപ്പ് |
| വികസന ഫണ്ട്-ജനറൽ | 0 | 23753250 | 23753250 | 23753250 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2039000 | 2039000 | 1639567 | 399433 |
| വികസന ഫണ്ട്-ടി എസ് പി | 0 | 5279773 | 5279773 | 5009773 | 270000 |
| മെയിന്റനൻസ്, റോഡ് | 0 | 20030000 | 20030000 | 20030000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (Untied) | 0 | 7426000 | 7426000 | 7426000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 20001753 | 20001753 | 14973179 | 5028574 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 9260000 | 9260000 | 2856762 | 6403238 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40367135 | 40367135 | 40367135 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 387089 | 1531000 | 1918089 | 1918089 | 0 |
| ടി.എസ്.സി | 2500 | 0 | 2500 | 0 | 2500 |
| എസ് എസ് എ | 375352 | 6904 | 382256 | 266358 | 115898 |
| പശ്ചിമ ഘട്ട വികസന പദ്ധതി | 604754 | 15155 | 619909 | 617261 | 2648 |
| ഐ.സി.ഡി.എസ് | 350017 | 1284582 | 1634599 | 1000000 | 634599 |
| പൈക്ക | 351327 | 9653 | 360980 | 0 | 360980 |
| Solid Waste Managemennt | 169416 | 3353834 | 3523250 | 2107000 | 1416250 |
| എം പി ഫണ്ട് | 14612 | 401 | 15013 | 0 | 15013 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| സാക്ഷരത | 15580 | 20050 | 35630 | 15580 | 20050 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| ജലനിധി | 565149 | 1073090 | 1638239 | 1190030 | 448209 |
| സാക്ഷരത ഗ്രാന്റ് | 2604 | 72 | 2676 | 0 | 2676 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 2207660 | 926384 | 3134044 | 220259 | 2913785 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 0 | 800000 | 800000 | 0 | 800000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 0 | 490000 | 490000 | 0 | 490000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച | പൂർത്തീകരിച്ച |
|---|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്റ്റുകളുടെ എണ്ണം | പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 270 | 193446273 | 199 | 97675015 | 15 | 71 | 184 | 68.15 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 6831049 | 3954979 | 57.9 |
| വെറ്റിനറി സർജ്ജൻ | 12 | 9 | 6588400 | 5119129 | 77.7 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | 14 | 12 | 3546381 | 3004304 | 84.71 |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | 4 | 3 | 1680500 | 1552489 | 92.38 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ആലക്കോട് | 16 | 13 | 21009400 | 9873133 | 46.99 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 5 | 7047620 | 6021676 | 85.44 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3200000 | 2459693 | 70.86 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 30 | 21 | 12553608 | 8866325 | 70.63 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-തേർത്തല്ലി. | 12 | 10 | 30924680 | 8295640 | 26.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 142 | 100 | 96019065 | 45806180 | 47.71 |
| ഹെഡ്മാസ്റ്റർ | 5 | 2 | 755000 | 299674 | 39.69 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 15 | 13 | 3290570 | 2421793 | 73.6 |
| ആകെ | 270 | 199 | 193446273 | 97675015 | 50.49 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്, മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ | 0 | 40367135 | 40367135 | 40367135 | 0 |
| ഭരണചെലവുകൾ | 387089 | 1531000 | 1918089 | 1918089 | 0 |
| ആകെ | 387089 | 41898135 | 42285224 | 42285224 | 0 |

കുറിപ്പ്: ആകെ ചെലവ് ഇൻകം & എക്സ്പെന്റിച്ചർ I 14 (A)-ലെ തുകയുമായി പൊരുത്തപ്പെടാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്

## 1-7 ക്ഷേമ പദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2520 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 7257700 | 475 |
| വിധവാപെൻഷൻ | 18601000 | 1167 |
| വാർദ്ധക്യകാലപെൻഷൻ | 49678400 | 3579 |
| വികലാംഗ പെൻഷൻ | 5721500 | 380 |
| വിവാഹ ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 913400 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13340/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കുന്നുണ്ട്.എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.നികുതികളും ഫീസുകളും പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ആഗസ്റ്റ്, സെപ്റ്റംബർ 2021) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2020 നവംബർ മാസം മുതലുള്ള 25 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഏതെങ്കിലും ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

1.തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | തൊഴിൽ നികുതി ഒടുക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | ആലക്കോട് റബ്ബർ അഗ്രി മാർക്കറ്റിംഗ് കോ-ഓപറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | കക്കറ ക്രഷർ | ഒന്നും രണ്ടും അർദ്ധവർഷം |
| 3 | കള്ള് ഷാപ്പ്,നെല്ലിപ്പാറ | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | കള്ള് ഷാപ്പ് ,കാവുംകുടി | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | കള്ള് ഷാപ്പ് ,കൂടപ്രം | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | സബ് പോസ്റ്റ് ഓഫീസ്,നെല്ലിപ്പാറ | രണ്ടാം അർദ്ധവർഷം |
| 7 | സബ് പോസ്റ്റ് ഓഫീസ്,ചിറ്റടി | രണ്ടാം അർദ്ധവർഷം |
| 8 | സബ് പോസ്റ്റ് ഓഫീസ്,ഒറ്റത്തൈ | ഒന്നാം അർദ്ധവർഷം |
| 9 | പി.ആർ.രാമവർമ്മ രാജാ സഹകരണ ഹോസ്പിറ്റൽ,ആലക്കോട് | രണ്ടാം അർദ്ധവർഷം |
| 10 | KPH കൺസ്ട്രക്ഷൻ മൂന്നാം കുന്നു | രണ്ടാം അർദ്ധവർഷം |
| 11 | ആലക്കോട് ഡെന്റൽ കെയർ സെന്റർ | ഒന്നും രണ്ടും അർദ്ധവർഷം |

2.കാനറാ ബാങ്ക് ആലക്കോട് ബ്രാഞ്ചിലെ താഴെപ്പറയുന്ന ജീവനക്കാർ 2020-21 വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| |
|---|
| റോബിൻസ് മാത്യു, ക്ലർക്ക്, എക്സ് എയർഫോഴ്സ് |
| നിഷാദ് കെ.എം, ക്ലർക്ക്, എക്സ് നേവി |

3. 2020-21 വർഷം ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

## 1-12 FTE&OS ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരളാ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 2007, ചട്ടം 4 പ്രകാരം പഞ്ചായത്തു പ്രദേശത്തിനുൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല.

താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷം FTE&OS ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കൊട്ടയാട് ക്ഷീരോൽപാദക സഹകരണ സംഘം |
| 2 | കള്ളുഷാപ്പുകൾ |

സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ആലക്കോട് ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് ഉപയോഗിക്കപ്പെടുന്നില്ല-തനത് വരുമാന നഷ്ടം

ബസ് സ്റ്റാന്റ് ഫീസ് ഇനത്തിലുള്ള ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ വരുമാനം 2018-19 വർഷം-₹41,000, 2019-20 വർഷം-₹32,800 എന്നിങ്ങനെയാണ്.2020-21 വർഷം ബസ് സ്റ്റാന്റ് ഫീസ് ഇനത്തിൽ വരുമാനമൊന്നുമില്ല. നിരവധി ബസുകൾ എത്തുന്ന ആലക്കോട് ടൗണിൽ, ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാത്തത് വരുമാന നഷ്ടത്തിന് കാരണമാവുന്നുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 28.01.21 തിയതിയിലെ അജണ്ട നം.4 തീരുമാന പ്രകാരം ബസ് സ്റ്റാന്റിൽ ബസുകൾ കയറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബസ് സ്റ്റാന്റിലുള്ള പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ 20 മുറികളുണ്ട്. ആയവയ്ക്ക് ലഭിക്കുന്നത് തുച്ഛമായ മാസവാടക മാത്രമാണ്. (ഏറ്റവും കൂടിയത്-പ്രതിമാസം-₹2573/-). ബസ് സ്റ്റാന്റ് സജീവമാകുന്നതോടെ വാടകമുറികൾക്ക് ഡിമാൻഡ് വർദ്ധിക്കുകയും വരുമാന വർദ്ധനവിന് കാരണമാവുകയും ചെയ്യും. മേൽ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ,ചട്ടം 3(1)പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല.താഴെപ്പറയുന്ന സ്ഥാപനങ്ങൾ നിലവിൽ പഞ്ചായത്ത് പരിധിയിൽ പാരാ മെഡിക്കൽ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്.

1.പി.ആർ.രാമവർമ്മ രാജാ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ,ആലക്കോട്

പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നാളിതുവരെയായി പാരാ മെഡിക്കൽ രജിസ്ട്രേഷനില്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് ബോധ്യപ്പെട്ടാൽ ചട്ടം 8 പ്രകാരമുള്ള പിഴ ശിക്ഷ ഈടാക്കാവുന്നതാണ്.

ചട്ടം 4എ പ്രകാരം ഗ്രാമപഞ്ചായത്തിൽ ജനന മരണ രജിസ്ട്രേഷൻ ഓൺലൈനായി നിർവ്വഹിക്കുന്നതിന് സഹായകമായ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വകാര്യ ആശുപത്രികൾക്കുള്ള ബാദ്ധ്യതയുണ്ട്.ആയത് ഉറപ്പു വരുത്തേണ്ടതാണ്.

2.കൽപക കളരി മർമ്മ ചികിൽസാലയം, അരങ്ങം

പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2015-16 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. അസി. എൻജിനീയർ നടപ്പിലാക്കിയ പ്രവൃത്തികൾക്ക് 2015-16 മുതൽ 2020-21 വർഷം വരെ ഇ-പേയ്മെന്റ് സംവിധാനം മുഖേന കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഒടുക്കിയ തുക, ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ച തുക, തിരികെ ലഭിക്കാനുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/ 2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും ഇടപാടുകൾ നടത്തുന്നില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി തുക നൽകി - ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ(301/2021) ഭാഗമായി CPRCS സൈറ്റിൽ രജിസ്റ്റർ ചെയ്യുകയും ജനറേറ്റ് ചെയ്ത പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന് തുക മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 301/2021 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | 263000/- (197250/- വികസന ഫണ്ട് – ജനറൽ 65750/- തനത് ഫണ്ട്) |
| ചെലവ് | 255663/- |
| ബിൽ നം./തീയതി | 311/20-21 തീയതി 19.03.2021 = 195655 |
| വൗച്ചർ നം./തീയതി | 220001319/10.03.2021 = 60008 |

| ഇനം | വില | ലഭിക്കാൻ ബാക്കിയുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം | ആകെ | ബിൽ നം/വൗച്ചർ നം/തീയതി |
|---|---|---|---|---|
| Desktop Intel Processor Medium End Ubuntu | 30004 | 2 | 60004 | 220001319/ 10.03.2021 |
| Desktop Intel Processor Medium End Windows | 31280 | 1 | 31280 | 31/2020-21 / 19.03.2021 |

പ്രസ്തുത കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കെ എസ് ഇ ബി-ഡെപ്പോസിറ്റ് -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

എ) ഗ്രാമപഞ്ചായത്തിലെ തേർത്തല്ലി മുതൽ ചെക്കിച്ചേരി ബോർഡർ വരെ തെരുവ് വിളക്കുകൾക്കായി പ്രത്യേക ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കൽ പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വേണ്ടി ആലക്കോട് സെക്ഷനെ ഏല്പിച്ച പ്രവൃത്തിയാണിത്.പ്രസ്തുത പ്രൊജക്ടിനായി 2020-21 വർഷം ചുവടെ കൊടുത്ത പ്രകാരം തുക കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ |
| പ്രൊജക്ട് നമ്പർ | 143/2021 |
| അടങ്കൽ | 2147013/- (212316/- വികസന ഫണ്ട്-ജനറൽ<br>1434697/- സി.എഫ്.സി.<br>500000/- തനത് ഫണ്ട്) |
| ചെലവ് | 2125194/- (191245/- വികസന ഫണ്ട്-ജനറൽ<br>1434697/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>499252/- തനത് ഫണ്ട്) |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

തുക ഡെപ്പോസിറ്റ് ചെയ്തതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം./വൗച്ചർ നം. | തീയതി | തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | 16/2020-21 | 25.11.2020 | 377364 | ആലക്കോട് കെ എസ് ഇ ബി |
| 2 | 23/2020-21 | 06.02.2021 | 126909 | കാർത്തികപുരം കെ എസ് ഇ ബി |
| 3 | 23/2020-21 | 06.02.2021 | 64336 | ആലക്കോട് കെ എസ് ഇ ബി |
| 4 | 26/2020-21 | 05.03.2021 | 540092 | ആലക്കോട് കെ എസ് ഇ ബി |
| 5 | 25/2020-21 | 05.03.2021 | 517241 | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, പയ്യന്നൂർ |
| 6 | 22001318 | 10.03.2021 | 74924 | ആലക്കോട് കെ എസ് ഇ ബി |
| 7 | 22001484 | 25.03.2021 | 424328 | ആലക്കോട് കെ എസ് ഇ ബി |
| | | ആകെ | 2125194 | |

പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്തിലെ രയോരം മുതൽ തേർത്തല്ലി വരെയും കരുവഞ്ചൻച്ചാൽ മുതൽ രയോരം വരെയും തെരുവ് വിളക്കുകൾക്കായി പ്രത്യേക ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കൽ പ്രവൃത്തി ഏറ്റെടുത്തു നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വേണ്ടി ആലക്കോട് സെക്ഷനെ ഏല്പിച്ച പ്രവൃത്തിയാണിത്. പ്രസ്തുത പ്രൊജക്ടിനായി 2020-21 വർഷം ചുവടെ കൊടുത്ത പ്രകാരം തുക കെ എസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ |
| പ്രൊജക്ട് നമ്പർ | 215/2021 |
| അടങ്കൽ | 1281444 |
| ചെലവ് | 1274728 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| ക്രമ നം. | ബിൽ നം./വൗച്ചർ നം. | തീയതി | തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|---|
| 1 | 03/2020-21 | 07.05.2021 | 772667 | ആലക്കോട് കെ എസ് ഇ ബി |
| 2 | 04/2020-21 | 07.05.2021 | 502061 | ആലക്കോട് കെ എസ് ഇ ബി |
| | | ആകെ | 1274728 | |

പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത വിവരം അറിയിക്കേണ്ടതാണ്.

## 1-18 പ്രവൃത്തി പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ കാവുംപടി കമ്മ്യൂണിറ്റി ഹാൾ, പെരിങ്ങാല എസ് ടി കോളനി, ഒറ്റത്തൈ സ്കൂൾ, മൂന്നാംകുന്ന് സബ് സെന്റർ എന്നീ 4 സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി ഭൂജല സർവ്വെ ചെയ്യുന്നതിനായി താഴെ കൊടുത്ത പ്രകാരം തുക ഭൂജല വകുപ്പ് കണ്ണൂരിന് നൽകിയിട്ടുണ്ട്.

| വൗച്ചർ നം./തീയതി | നൽകിയ തുക |
|---|---|
| 2200725/09-10-2020 | 7740/- |
| ഓഡിറ്റ് എൻക്വയറി | 23/2020-21 തീയതി 23.11.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/2020-21) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥലങ്ങളിൽ ഭൂജല സർവ്വെ നടത്തി കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-19 എസ് എസ് എ-വിഹിതം നൽകൽ-ഗ്രാമപഞ്ചായത്ത്-മുഖ്യപങ്ക് വഹിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് നം. 21/2021 പ്രകാരം, വികസന ഫണ്ടിൽ (പൊതു) നിന്നും 1000000/- രൂപ എസ്.എസ്.എ. പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2021 തീയതി 19.11.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്.എസ്.കെയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപ വിവിധ പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ. സ്ഥാപനം മുഖ്യപങ്ക് വഹിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ കമ്മിറ്റിയുടെ മിനുട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ടുകൾ പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ജലജീവൻമിഷൻ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം. | 327/2021 |
| പ്രൊജക്ടിന്റെ പേര് | ജലജീവൻമിഷൻ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ/ഫണ്ട് | 75000/- വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) |
| ചെലവ് | 74250/- |
| ബിൽ നം./തീയതി | 17/2020-21 തീയതി 03.12.2020 |
| ഓഡിറ്റ് എൻക്വയറി നം. | 23/2020-21 തീയതി 23.11.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെ മുഴുവൻ ഗ്രാമീണ വീടുകളിലും സുരക്ഷിത കുടിവെള്ളം ഗാർഹിക പൈപ്പ് വഴി ലഭ്യമാക്കുന്നതിനുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് വിഹിതം 74250/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ടി തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 പഞ്ചായത്ത് ലൈബ്രറി-വിതരണം ചെയ്ത പുസ്തകങ്ങൾ -തിരികെ ലഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറിയിൽ നിന്നും വിവിധ കാലയളവിൽ പുസ്തകങ്ങൾ മെമ്പർമാർക്ക് വിതരണം ചെയ്യുകയും എന്നാൽ നാളിതുവരെ തിരികെ ലഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. 2017 നവംബർ മാസം മുതലുള്ള പുസ്തക ഇഷ്യൂ രജിസ്റ്ററാണ് പരിശോധനക്ക് ലഭ്യമാക്കിയത്. പുസ്തകങ്ങൾ വിതരണം ചെയ്തത് കൃത്യസമയത്ത് തന്നെ തിരികെ ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | വിതരണം ചെയ്ത പുസ്തകങ്ങളുടെ എണ്ണം | തിരികെ ലഭിച്ച പുസ്തകങ്ങളുടെ എണ്ണം | തിരികെ ലഭിക്കാൻ ബാക്കിയുള്ള പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2017-2018 | 115 | 0 | 115 |
| 2 | 2018-2019 | 321 | 4 | 317 |
| 3 | 2019-2020 | 424 | 1 | 423 |
| 4 | 2020-2021 | 168 | 2 | 166 |
| ആകെ | | 1028 | 7 | 1021 |

പ്രസ്തുത പുസ്തകങ്ങൾ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും കൃത്യസമയത്ത് തിരികെ ലഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പഞ്ചായത്ത് ഡയറക്ടറുടെ 30.01.1982 ലെ ബി -829563/81 കെ ഡി എസ് നമ്പർ ഉത്തരവ് പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്ത് ലൈബ്രറി നിയമാവലി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നിയമാവലിയിലെ ഖണ്ഡിക 31ൽ നിർദേശിച്ച പ്രകാരം ഭരണസമിതി രൂപീകരിച്ചിട്ടില്ല. ലൈബ്രറിയുടെ സുഗമമായ പ്രവർത്തനത്തിന് സമിതി രൂപീകരിക്കേണ്ടതാണ്.

3) 30.01.1982 തീയതിയിൽ അംഗീകരിച്ച നിയമാവലി കാലികമായി ഭേദഗതി വരുത്തിയിട്ടില്ല. നിലവിൽ അംഗീകരിച്ച ബൈലോ ഖണ്ഡിക 10 (എ) പ്രകാരം എ ക്ലാസ് അംഗത്തിൽ നിന്നും 5 രൂപ ഡെപ്പോസിറ്റും 1 രൂപ പ്രവേശനഫീസുമാണ് ഈടാക്കിവരുന്നത്. ഖണ്ഡിക 10(ബി) പ്രകാരം ബി ക്ലാസ് അംഗങ്ങളിൽ നിന്നും 3 രൂപ ഡെപ്പോസിറ്റും 1 രൂപ പ്രവേശനഫീസുമാണ് ഈടാക്കിവരുന്നത്. ബൈലോ കാലികമായി ഭേദഗതി ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ നിലവിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന പാർട്ട് ടൈം ലൈബ്രേറിയനാണുള്ളത്.

4) 2017-18 മുതലുള്ള പുസ്തക ഇഷ്യൂ രജിസ്റ്ററാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. 2017-18 മുമ്പ് പുസ്തകവിതരണം നടത്തിയതും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 പെരുവട്ടം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി - ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക നൽകി- 23037/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. നിർവഹണത്തിലെ അപാകങ്ങൾ -1386963/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | SO 244/21 |
| പ്രൊജക്ടിന്റെ പേര് | പെരുവട്ടം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി |
| അടങ്കൽ | വികസനഫണ്ട്-പൊതുവിഭാഗം 40,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം 14,60,000/-<br>ആകെ -15,00,000/- |
| ചെലവ് തുക | 14,10,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| വൗച്ചർ നമ്പർ,തീയതി/ തുക | 90/2020-21 തീയതി 05-02-21-1139364<br>106/2020-21 തീയതി 24-03-21-270636 |
| കരാറുകാരന്റെ പേര് | ശ്രീ ടി എസ് രാജു. |

| | |
|---|---|
| ക്വാട്ട് ചെയ്ത നിരക്ക് (ഐറ്റം റേറ്റ് ) | 1262240/- (Without Taxes) |
| എം.ബുക്ക് നമ്പർ | 43/2020-21<br>67/2020-21 |
| എഗ്രിമെന്റ് നമ്പർ / തീയതി | 27/AE/LSGD/AKD/2020-21<br>തീയതി 22-02-2020 |
| സാങ്കേതികാനുമതി നമ്പർ/ തീയതി തുക | 101570/2019-20<br>1500000/- |

പ്രവൃത്തിയുടെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1) എം ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് സൈറ്റ് പരിശോധനയിൽ കണ്ടെത്തി. 23037/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പെരുവട്ടം കുടിവെള്ളപദ്ധതി അറ്റകുറ്റപണി പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് സൈറ്റ് പ്രദേശത്ത് 19-11-2021ന് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സംയുക്ത പരിശോധനയിൽ (സംയുക്തപരിശോധനറിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്). എക്സ്ട്രാ ഇനമായ Item Shifted To Head 14 As Item 14.74 Steel Work Welded In Built Up Section /Framed Work Including Cutting, Hoisting,fixing In Position And Applying A Primary Coat Of Approved Steel Primer Using Structural Steel Etc,as Required (എക്സ്ട്രാ ഇനം-6,ഷെഡ്യൂൾ കോഡ് 10.25.2) ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയ (പേജ് നമ്പർ- 6,7,20 ) Well Cover, Ladder, Tank Manhole Cover എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് കാണുന്നു.പ്രസ്തുത പ്രവൃത്തി ഇനത്തിന് [181.238 Kg X113.49 =20568.7 +2468.24 (12% GST)] കരാറുകാരന് നൽകിയ 23037/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. എക്സ്ട്രാ ഇനം-6,ഷെഡ്യൂൾ കോഡ് 10.25.2 Well Cover,ladder,tank Manhole Cover എന്നീ പ്രവൃത്തികൾ പ്രവൃത്തി പൂർത്തീയായ ശേഷം സൈറ്റിൽ പോയി അളവുകൾ എടുത്തതിന് ശേഷമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി പ്രദേശത്ത് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ഇവ സൈറ്റിൽ നിന്നും നീക്കം ചെയ്തത് ശ്രദ്ധയിൽപ്പെട്ടില്ലെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (AE-16/2020-21തീയതി 20-11-2021) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകിയത്.പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കുകയോ അല്ലാത്ത പക്ഷം ചെലവ് തുക തിരിച്ചടക്കേണ്ടതാണ്.

2) പഴയ ജി ഐ പൈപ്പുകൾ ഗ്രാമപഞ്ചായത്തിന് കൈമാറിയില്ല.

പി വി സി പൈപ്പ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നേരത്തെ ഉണ്ടായിരുന്ന ജി ഐ പൈപ്പുകൾ എടുത്ത് മാറ്റിയിട്ടുണ്ട്.എന്നാൽ ഇവ ഗ്രാമപഞ്ചായത്തിനെ രേഖാമൂലം എൽപ്പിച്ചിട്ടില്ല. സൈറ്റ് പ്രദേശത്ത് ഇവ സൂക്ഷിച്ചിട്ടുമില്ല.

3) പുതിയ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ-പഴയ മോട്ടോർ പമ്പ്സെറ്റ് ഗ്രാമപഞ്ചായത്തിന് കൈമാറിയില്ല.

പുതിയ മോട്ടോർ സ്ഥാപിക്കുന്നതിന് തുക (113827/-) ചെലവഴിച്ചിട്ടുണ്ട്. നേരത്തെ പദ്ധതി പ്രദേശത്തുണ്ടായിരുന്ന മോട്ടോർ (ജില്ലാ പഞ്ചായത്ത് സ്കീം) എന്ത് ചെയ്തുവെന്ന് ഫയലിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ നീക്കം ചെയ്ത പഴയ മോട്ടോർ പദ്ധതി സ്ഥലത്ത് തന്നെ ജനകീയ കമ്മറ്റിയുടെ കൈവശം സൂക്ഷിച്ചിട്ടുണ്ടെന്നാണ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുള്ളത്. പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ നീക്കം ചെയ്ത പഴയ മോട്ടോർ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) 58 കുടുബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം.

ഫൈനൽ പേയ്മെന്റ് നടത്തിയെങ്കിലും 58 കുടുബങ്ങൾക്ക് കുടിവെള്ളമെത്തിക്കുകയെന്ന പ്രോജക്ടിന്റെ അന്തിമലക്ഷ്യം ഇതുവരെ കൈവരിച്ചിട്ടില്ല. പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും വാട്ടർ സപ്ലൈ കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തി പ്രദേശവാസികളെ ബോധ്യപ്പെടുത്തിയിരുന്നതായും അസിസ്റ്റന്റ് എൻജിനീയർ അറിയിക്കുകയുണ്ടായി. എന്നാൽ ജലവിതരണം ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട്, കംപ്ലീഷൻ റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സൈറ്റ് പരിശോധനയിൽ ചെയ്യാത്തതായി കണ്ടെത്തിയ പ്രവൃത്തി ഇനത്തിന് കരാറുകാരന് അനുവദിച്ച 23037/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രവൃത്തി അന്തിമലക്ഷ്യം കൈവരിക്കാത്തതിനാലും നിർവഹണത്തിൽ മേൽ സൂചിപ്പിച്ച അപാകങ്ങൾ ഉള്ളതിനാലും 1386963/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

കേരള സർക്കാരിന്റെ സർക്കലർ നമ്പർ 18/19 ധനം . തീ 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ് ,ബിൽ എന്നിവ തയ്യാറാക്കുകയും ,ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു.ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000/- ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു.

പ്രവൃത്തിമൂല്യം 2,50,000/- രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമാക്കാത്തതിനാൽ റിട്ടേൺ സമർപ്പിക്കേണ്ടതില്ല.എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്. GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം , നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

പഞ്ചായത്ത്, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയതും 2,50,000/- രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല.

2020-21 വർഷം നടപ്പാക്കിയതും GST കണക്കാക്കുന്നതിന് മുമ്പ് 2,50,000/- രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നല്കിയതുമായ പ്രവൃത്തികളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് പേര് , നമ്പർ | എം.ബുക്ക് നമ്പർ | വൗച്ചർ നമ്പർ/തീയതി | ജി.എസ്.ടി ഉൾപ്പെടെ ആകെ പ്രവൃത്തി മൂല്യം | ജി.എസ്ടി തുക | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | തിമിരി സ്കൂളിന് പ്ലംബിംഗ് | 28/2019-20 | 16/20-21/ 22-05-2020 | 148896 | 15953 | പി.വി വിനോദ് കുമാർ |
| 2 | മൂലോത്തും കുണ്ട് കുണ്ടേരി റോഡിൽ പൈപ്പ് കൾവർട്ട് -SO 271/21 | 76/2020-21 | 110/20-21/ 30-03-2021-32000<br>113/20-21/ 30-03-2021-95214 | 127214 | 13630 | ഷിബു മോൻ.ടി എസ് |
| 3 | കുറ്റിപ്പുഴ കേരഗ്രാമം പാലും ചീത്ത റോഡ് റീ ടാറിംഗ്- | 19/2020-21 | 66/20-21 /10-12-2020 | 249617 | 26744 | എൻ സി സെബാസ്റ്റ്യൻ |

മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രവൃത്തികൾ ഉൾപ്പെടെയുള്ളവക്ക് കരാറുകാർ 2020-21 വർഷത്തിൽ ഇൻവോയ്സ് തയ്യാറാക്കിയിട്ടുണ്ടാവും.പ്രസ്തുത ഇൻവോയ്സ്/ അല്ലെങ്കിൽ അതിന്റെ പകർപ്പ് /അല്ലെങ്കിൽ ഈ തുക കരാറുകാരുടെ ഔട്ട്പുട്ട് ടാക്സിൽ ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിച്ച എന്നതിന് തെളിവ് കരാറുകാരിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. കരാറുകാരിൽ നിന്ന് ഇൻവോയ്സ് പകർപ്പ് വാങ്ങി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(AE No.21/2020-21 തീ 23/11/2021) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്.ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-24 പൊതുമരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുകകൾ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കുന്നില്ല.

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07/ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി.) 177/2006/ധന. 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ഗ്രാമ പഞ്ചായത്തിൽ കരാറുകാർ മുഖേന നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള എസ്.ടി.എസ്.ബി,എൽ ജി ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് (79901300000548-LGTSB,719091400000005-STSB) ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ (ജി.എസ്.ടി ഒഴികെ) ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. ആയതിനാൽ ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് ഉടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്ട് ഫയലിൽ ചേർത്തിട്ടില്ല.

പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-26 പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം-പദ്ധതിയിൽ അപാകങ്ങൾ - ₹52,800 തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നം./പേര് | 187/20-21 (Spill Over)<br>പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | 52,800/- (വികസന ഫണ്ട് -എസ്.സി.പി.) |
| ചെലവ് | 52,800/- (വികസന ഫണ്ട്-എസ്.സി.പി.) |
| ബിൽ നം/തിയതി | 0282/21.4.20 |

1. കട്ടിൽ ലഭിച്ച തങ്ക മാങ്ങാടൻ, യശോദ മഠത്തിൽ, ഗോപാലൻ കല്ലേൻ എന്നീ ഗുണഭോക്താക്കളുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ല.

2.ടെണ്ടർ അപാകങ്ങൾ

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ജെ.കെ.ഫർണിച്ചർ എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ലഭിച്ചിരിക്കുന്നത്.മേൽ സ്ഥാപനം ഫസ്റ്റ് ക്വാളിറ്റി മഹാഗണിയുടെ കട്ടിലിന് 2990/- രൂപയും ഫസ്റ്റ് ക്വാളിറ്റി ആഞ്ഞിലിയുടേതിന് 3400/- രൂപയുമാണ് ക്വാട്ട് ചെയ്തത്. ഇൻവോയ്സ് നം.143/20.3.20 പ്രകാരം 3300/- രൂപയുടെ കട്ടിലാണ് വാങ്ങിയിരിക്കുന്നത്. എന്തു കൊണ്ട് കുറഞ്ഞ നിരക്കിലുള്ള മഹാഗണിയുടെ കട്ടിൽ പരിഗണിക്കാതെ കൂടിയ വിലയുള്ള ആഞ്ഞിലിയുടേത് തിരഞ്ഞെടുത്തു എന്ന് വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുറ്റ്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. മരത്തിന്റെ തരം,സ്പെസിഫിക്കേഷൻ എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭിച്ച കട്ടിലുകൾ ആഞ്ഞിലി മരത്തിന്റേതാണെന്ന് വനം വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കി ഉറപ്പ

വരുത്തിയിട്ടില്ല. പഞ്ചായത്ത് ₹3400/- എന്ന നിരക്കിലുള്ള ജെ.കെ. ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ആഞ്ഞിലി മരത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ₹3300/- എന്ന നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം നിരക്കിൽ ₹100 കുറവ് ചെയ്തത് സംബന്ധിച്ചുള്ള നെഗോസിയോഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത വുഡ് മെക്ക് ഫർണിച്ചർ എന്ന സ്ഥാപനം ആഞ്ഞിലി മരത്തിന് 3310/- (3 വർഷം വാറണ്ടി) ആണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ആയവരുടെ കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഒന്നുമില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (15/19.11.21) ആഞ്ഞിലിയുടെ മരം കൊണ്ട് നിർമ്മിച്ച കട്ടിലിന് മഹാഗണിയുടെ മരത്തിനേക്കാൾ ഗുണനിലവാരം കൂടുതലാണ് എന്ന പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായാണ് ടെണ്ടർ അംഗീകരിച്ചത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ആഞ്ഞിലി മരം തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടും ജെ.കെ. ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ചും പഞ്ചായത്തിന് യാതൊരു വിദഗ്ദ്ധ അഭിപ്രായവും ലഭിച്ചിട്ടില്ല. കൂടിയ നിരക്ക് ക്വാട്ട് ചെയ്തിട്ടും ജെ.കെ. ഫർണിച്ചേഴ്സിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന്റെ കാരണം സംബന്ധിച്ചും വ്യക്തമായ പരാമർശങ്ങളില്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ 16 കട്ടിലുകളുടെ വിലയായ ₹52,800 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ- പദ്ധതിയിൽ അപാകങ്ങൾ -₹1,84,800 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നം./പേര് | 186/20-21-(Spill Over)<br>പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 1,84,800/-(വികസന ഫണ്ട്-ടി.എസ്.പി.) |
| ചെലവ് | 1,84,8000(വികസന ഫണ്ട്-ടി.എസ്.പി.) |
| ബിൽ നം/തിയതി | 0284/21.4.20 |

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ജെ.കെ.ഫർണിച്ചർ എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ലഭിച്ചിരിക്കുന്നത്.മേൽ സ്ഥാപനം ഫസ്റ്റ് ക്വാളിറ്റി മഹാഗണിയുടെ കട്ടിലിന് 2996/- രൂപയും ഫസ്റ്റ് ക്വാളിറ്റി ആഞ്ഞിലിയുടേതിന് 3400/- രൂപയുമാണ് ക്വാട്ട് ചെയ്തത്. ഇൻവോയ്സ് നം.142/20.3.20 പ്രകാരം 3300/- രൂപയുടെ കട്ടിലാണ് വാങ്ങിയിരിക്കുന്നത്. എന്തുകൊണ്ട് കുറഞ്ഞ നിരക്കിലുള്ള മഹാഗണിയുടെ കട്ടിൽ പരിഗണിക്കാതെ കൂടിയ വിലയുള്ള ആഞ്ഞിലിയുടേത് തിരഞ്ഞെടുത്തു എന്ന് വ്യക്തമല്ല.പ്രൊക്യൂർമെന്റ് കമ്മറ്റി മിനുറ്റ്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. മരത്തിന്റെ തരം,സ്പെസിഫിക്കേഷൻ എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭിച്ച കട്ടിലുകൾ ആഞ്ഞിലി മരത്തിന്റേതാണെന്ന് വനം വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കി ഉറപ്പ് വരുത്തിയിട്ടില്ല. പഞ്ചായത്ത് ₹3400/- എന്ന നിരക്കിലുള്ള ജെ.കെ. ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ആഞ്ഞിലി മരത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ₹3300/- എന്ന നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം നിരക്കിൽ ₹100 കുറവ് ചെയ്തത് സംബന്ധിച്ചുള്ള നെഗോസിയേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത പി.വി എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്ഥാപനം ആഞ്ഞിലി മരത്തിന് 3200/- (3 വർഷം വാറണ്ടി) ആണ് ക്വാട്ട് ചെയ്തതിരുന്നത്. എന്നാൽ ആയവരുടെ കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഒന്നുമില്ല. ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (15/19.11.21) ആഞ്ഞിലിയുടെ മരം കൊണ്ട് നിർമ്മിച്ച കട്ടിലിന് മഹാഗണിയുടെ മരത്തിനേക്കാൾ ഗുണനിലവാരം കൂടുതലാണ് എന്ന പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനത്തിന് വിധേയമായാണ് ടെണ്ടർ അംഗീകരിച്ചത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആഞ്ഞിലി മരം തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടും ജെ.കെ. ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ചും പഞ്ചായത്തിന് യാതൊരു വിദഗ്ദ്ധ അഭിപ്രായവും ലഭിച്ചിട്ടില്ല. കൂടിയ നിരക്ക് ക്വാട്ട് ചെയ്തിട്ടും ജെ.കെ. ഫർണിച്ചേഴ്സിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന്റെ കാരണം സംബന്ധിച്ചും വ്യക്തമായ പരാമർശങ്ങളില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ 56 കട്ടിലുകളുടെ വിലയായ ₹1,84,800 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പട്ടിക ജാതി,പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ വിതരണം (New) -അപാകങ്ങൾ- ₹193720 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

| പ്രൊജക്ടിന്റെ പേര് | ചെലവ് തുക | വാങ്ങിയ കട്ടിലുകൾ<br>(ഒന്നിന് 3340/-) |
|---|---|---|

| | | |
|---|---|---|
| 5/20-21 പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് കട്ടിൽ | അടങ്കൽ -175000/-<br>വികസന ഫണ്ട് (എസ്.സി.പി)<br>ചെലവ്-153640/-<br>TRN നം.5745/27.3.21 | 46 |
| 9/20-21 പട്ടിക ജാതി വയോജനങ്ങൾക്ക് കട്ടിൽ | അടങ്കൽ -70000/-<br>വികസന ഫണ്ട് (ടി.എസ്.പി)<br>ചെലവ്-40080/-<br>TRN നം.5746/27.3.21 | 12 |

അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (15/19.12.2021) ലഭിച്ച മറുപടി പരിഗണിച്ചതിന ശേഷം നിലനിൽക്കുന്ന അപാകങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ഗ്യാലക്സി ഫർണിച്ചർ, പൂവ്വം എന്ന സ്ഥാപനത്തിനാണ് ടെണ്ടർ ലഭിച്ചിരിക്കുന്നത്. മേൽ സ്ഥാപനം മഹാഗണിയുടെ കട്ടിലിന് 2995/- രൂപയും ആഞ്ഞിലിയുടേതിന് 3340/- രൂപയുമാണ് ക്വാട്ട് ചെയ്തത്. ഇൻവോയ്സ് പ്രകാരം 3340/- രൂപയുടെ കട്ടിലാണ് വാങ്ങിയിരിക്കുന്നത്. എന്തുകൊണ്ട് കുറഞ്ഞ നിരക്കിലുള്ള മഹാഗണിയുടെ കട്ടിൽ പരിഗണിക്കാതെ കൂടിയ വിലയുള്ള ആഞ്ഞിലിയുടേത് തിരഞ്ഞെടുത്തു എന്ന് വ്യക്തമല്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുറ്റ്സിൽ വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. മരത്തിന്റെ തരം, സ്പെസിഫിക്കേഷൻ എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലഭിച്ച കട്ടിലുകൾ ആഞ്ഞിലി മരത്തിന്റേതാണെന്ന് വനം വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കി ഉറപ്പു വരുത്തിയിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത ജെ.കെ. ഫർണിച്ചർ എന്ന സ്ഥാപനം ആഞ്ഞിലി മരത്തിന് 2800/- രൂപയും കെ.പി.ഫർണിച്ചർ 3244/- രൂപയും ആണ് ക്വാട്ട് ചെയ്തത്. എന്നാൽ ആയവരുടെ കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഒന്നുമില്ല. ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ആഞ്ഞിലി മരം തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടും ഗ്യാലക്സി ഫർണിച്ചർ, പൂവ്വം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നത് സംബന്ധിച്ചും പഞ്ചായത്തിന് യാതൊരു വിദഗ്ധ അഭിപ്രായവും ലഭിച്ചിട്ടില്ല. കൂടിയ നിരക്ക് ക്വാട്ട് ചെയ്തിട്ടും ഗ്യാലക്സി ഫർണിച്ചർ, പൂവ്വത്തിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന്റെ കാരണം സംബന്ധിച്ചും വ്യക്തമായ പരാമർശങ്ങളില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ 58 കട്ടിലുകളുടെ വിലയായ ₹193720 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പട്ടിക ജാതി,പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം-ലാപ്ടോപുകൾ ലഭ്യമായിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം പഞ്ചായത്ത് പരിധിയിലെ പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനായി പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. Cprcs മുഖേന ₹27229 വിലയുള്ള 7 , Medium End Ubuntu Software ലാപ്ടോപിന് ഓർഡർ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം. | 10/20-21 | 11/20-21 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.ടി.) | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (എസ്.സി.) |
| അടങ്കൽ | 1,20,000/-<br>(വികസന ഫണ്ട്-ടി.എസ്.പി.) | 90,000/-<br>(വികസന ഫണ്ട്-എസ്.സി.പി.) |
| ചെലവ് | 1,08,916/-<br>(വികസന ഫണ്ട്-ടി.എസ്.പി) | 81687/-<br>(വികസന ഫണ്ട്-എസ്.സി.പി) |
| ബി.ആർ.എൻ നം/തിയതി | ₹54458<br>201909000000005210/04.03.21<br>₹27229 | 201909000000005909/04.03.21 |

| | | |
|---|---|---|
| | 201909000000005444/18.03.21<br>₹27229<br>201909000000005445/18.03.21 | |
| കേരളാ സ്റ്റേറ്റ് ഐ.ടി.മിഷന് നൽകിയ തുക. | 1,08,916/- | 81687/- |
| ലാപ്ടോപിന്റെ എണ്ണം (Medium End Ubuntu) | 4 | 3 |

എന്നാൽ നാളിതു വരെയായി ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല. ലാപ്ടോപുകൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ -₹2,400 നിരാകരിക്കുന്നു.₹1,27,770 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം | 195/20-21(Spill Over) |
| പ്രോജക്ടിന്റെ പേര് | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | 1,50,000/- (വികസനഫണ്ട്-ടി.എസ്.പി.)<br>470/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1,30,170/- (വികസന ഫണ്ട്-ടി.എസ്.പി.)<br>7030/- (ഗുണഭോക്തൃവിഹിതം – മുൻവർഷം ഒടുക്കിയത്) |
| ബിൽ നം/തിയതി | 0285/21.4.20 |

പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിനൽകുന്നതിനാണ് മേൽ പ്രൊജക്ട് വിഭാവനം ചെയ്യുന്നത്.

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 11,800/- രൂപ വിലയുള്ള 10 ചെണ്ടകളും 3,200/- രൂപ വിലയുള്ള 6 ഇലത്താളവും വാങ്ങി (ഇൻവോയ്സ് നം.60/10.3.20) ശ്രീമുത്തപ്പൻ വാദ്യ കലാ സംഘം കാപ്പിമല ,കളിയാട്ടം കലാസമിതി നെല്ലിപ്പാറ എന്നീ പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.ശ്രീമുത്തപ്പൻ വാദ്യ കലാ സംഘം കാപ്പിമല വാദ്യോപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകളില്ല.

2. ശ്രീമുത്തപ്പൻ വാദ്യ കലാ സംഘം കാപ്പിമല-രൂപീകരണ യോഗ മിനുറ്റ്സ് ലഭ്യമല്ല.

3.ടെണ്ടർ അപാകങ്ങൾ

എ)ടെണ്ടർ നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഏതു തരം ചെണ്ടയും ഇലത്താളവുമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന്(സ്പെസിഫിക്കേഷൻ) വ്യക്തമല്ല.

ബി)എലൈറ്റ്സ് ഇലക്ട്രിക്കൽസ് ചെണ്ട 11,800/- രൂപയ്ക്കും ചെണ്ട(വീക്ക്) 11000/- രൂപയ്ക്കുമാണ് ക്വാട്ട് ചെയ്തത്. ഇൻവോയ്സ് നം.60/10.3.20) പ്രകാരം 11800/- രൂപയുടെ ചെണ്ടയാണ് വാങ്ങിയിരിക്കുന്നത്. കളിയാട്ടം കലാസമിതി നെല്ലിപ്പാറയുടെ രസീതി പ്രകാരം 5 ചെണ്ട കൈപ്പറ്റിയതിൽ 3 എണ്ണം വീക്ക് ചെണ്ട എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വീക്ക് ചെണ്ടയ്ക്ക് ഇൻവോയ്സ് നം.60/10.3.20 പ്രകാരം വാങ്ങിയിരിക്കുന്ന ചെണ്ടയേക്കാൾ ₹800 കുറവാണ് . ആതിനാൽ 3 ചെണ്ടയ്ക്ക് അധികം നൽകിയ ₹2,400 നിരാകരിക്കുന്നു.

സി)ശ്രീമുത്തപ്പൻ വാദ്യ കലാ സംഘം കാപ്പിമലയ്ക്ക് ലഭ്യമായിരിക്കുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വ്യക്തമല്ല.ആയത് പരിശോധിക്കേണ്ടതാണ്.

ഡി) എലൈറ്റ്സ് ഇലക്ട്രിക്കൽസ് ക്വാട്ട് ചെയ്ത ഇലത്താളം A)4”-2200,B)5”-2800,C)6”-3200 എന്നിവയിൽ 6”-3200

എന്നതാണ് വാങ്ങിയത്.എന്നാൽ ലഭ്യമായത് അതു തന്നെയാണോയെന്ന് വ്യക്തമല്ല.

എൻക്വയറിക്ക് (15/19.11.21)ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ച് നിലനിൽക്കുന്ന അപാകങ്ങളാണ് ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്.മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ ₹1,27,770 തടസ്സപ്പെടുത്തുന്നു.

വാദ്യോപകരണങ്ങൾ വാങ്ങൽ പോലെയുള്ള പ്രൊജക്ടുകൾ നടപ്പിലാക്കേണ്ടി വരുമ്പോൾ ഏത് സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങളാണ് ആവശ്യമെന്ന് വിദഗ്ധരോടോ ഗുണഭോക്താക്കളോടു തന്നെയോ ചോദിച്ച് ആയത് പ്രൊക്യൂർമെന്റ് കമ്മിറ്റി വിലയിരുത്തി അംഗീകരിച്ച് പ്രസ്തുത സ്പെസിഫിക്കേഷൻ ടെണ്ടർ നോട്ടീസിൽ രേഖപ്പെടുത്തിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. ഉപകരണങ്ങളുടെ സാമ്പിൾ ആവശ്യമെങ്കിൽ പരിശോധിക്കേണ്ടതും ലഭ്യമാകുന്നത് ടെണ്ടർ നോട്ടീസിൽ പറഞ്ഞ സ്പെസിഫിക്കേഷനിലുള്ളത് തന്നെ ആണെന്ന് ഉറപ്പ് വരുത്തി സ്റ്റോക്ക് രജിസ്റ്ററിൽ ആയത് സ്പെസിഫിക്കേഷനുൾപ്പെടെ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-31 പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ (138/20-21)- ₹1,40,540 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,50,000/- (വികസന ഫണ്ട്-ടി.എസ്.പി.)<br>7500/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1,40,540/- (വികസന ഫണ്ട്-ടി.എസ്.പി.)<br>7460/- (ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/തിയതി | 5477/20.03.2021 |

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 12,800/- രൂപ വിലയുള്ള 6 ചെണ്ടകളും 13,000/- രൂപ വിലയുള്ള 4 വീക്ക് ചെണ്ടകളും 3,200/- രൂപ വിലയുള്ള 6 ഇലത്താളവും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.5/13.3.21).5% ഗുണഭോക്തൃ വിഹിതം അടച്ചതിന്റെ രേഖകളിൽ നിന്ന് ഉദയം ഗ്രൂപ്പ് ദാരപ്പൻ കുന്ന്,ജ്വാല ശിങ്കാരി മേളം തിമിരി എന്നീ പട്ടികവർഗ്ഗ വനിതാ യുവജന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യാനാണ് വാദ്യോപകരണങ്ങൾ വാങ്ങിയതെന്ന് വ്യക്തമാണ്.ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.ഇരു ഗ്രൂപ്പുകളും വാദ്യോപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകളില്ല.

2.ലഭിച്ച വാദ്യോപകരണങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

3.ജ്വാല ശിങ്കാരി മേളം തിമിരിയുടെഅപേക്ഷയോ രൂപീകരണ യോഗ മിനിറ്റ്സോ ഇല്ല.

4.ടെണ്ടർ അപാകങ്ങൾ

ടെണ്ടർ നോട്ടീസ് ലഭ്യമാക്കിയില്ല.എലൈറ്റ് ഇലക്ട്രിക്കൽസ്,ചക്കരക്കലിന്റെ ടെണ്ടർ നിരക്ക് അംഗീകരിച്ചുകൊണ്ടുള്ള പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം,ഭരണസമിതി തീരുമാനം എന്നിവ ലഭ്യമല്ല.

എലൈറ്റ് ഇലക്ട്രിക്കൽസ്,ചക്കരക്കൽ സമർപ്പിച്ച താഴെപ്പറയും പ്രകാരം ചെണ്ടയുടെ വില ക്വാട്ട് ചെയ്തിട്ടുണ്ട്.

| | |
|---|---|
| ചെണ്ട | 11,800/- |
| | 12800/-<br>ടെണ്ടർ അംഗീകരിച്ചത് |
| വീക്ക് ചെണ്ട | 12,500/- |
| | 11,000/- |
| | 13,000/- ടെണ്ടർ അംഗീകരിച്ചത് |

കുറഞ്ഞ നിരക്കുകൾ അവഗണിച്ച് കൂടിയ നിരക്കുള്ളത് തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (17/20.11.21)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകയിലെ ഗ്രാമപഞ്ചായത്ത് വിഹിതമായ ₹1,40,540 തടസ്സപ്പെടുത്തുന്നു.

## 1-32 വയോജനങ്ങൾക്ക് കട്ടിൽ വിതരണം- പദ്ധതിയിൽ അപാകങ്ങൾ - ₹3,46,500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 192/21 |
| പ്രോജക്റ്റിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ₹3,46,500,വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | ₹3,46,500,വികസന ഫണ്ട് പൊതു വിഭാഗം |
| ബിൽ നമ്പർ | 3/11-04-2020 തുക₹3,46,500 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1)സ.ഉ (കൈ) നമ്പർ 22/2018 ത.സ്വ.ഭ.വ തീയ്യതി 29-01-2018 ഖ 7.1.13 (2) പ്രകാരമുള്ള സബ്സിഡി മാർഗ രേഖ അനുസരിച്ച് 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് ₹4350 യിൽ അധികരിക്കാത്ത വിധത്തിൽ 8 മി.മി കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ /സ്റ്റീലിൽ പണിത കട്ടിൽ (നീളം 1.98 മീ., വീതി-90 സെ.മീ) വാങ്ങി നൽകുന്നതിന് അനുമതി നൽകിയിരുന്നു.

ആലക്കോട് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം നടപ്പിലാക്കിയ പട്ടികയിൽ പരാമർശിച്ചു പ്രകാരമുള്ള പദ്ധതിയുടെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ₹3300 നിരക്കിൽ പരാമർശിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള 105 ആഞ്ഞിലി മരത്തിൽ നിർമ്മിച്ച കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗ രേഖയിൽ ഏതു മരത്തിൽ നിർമ്മിച്ചതായിരിക്കണം കട്ടിൽ എന്ന് വ്യക്തമാക്കിയിരുന്നില്ല്ല. പഞ്ചായത്ത് പ്രസിദ്ധീകരിച്ച ടെണ്ടർ നോട്ടീസ് ഫയലിനോടൊപ്പം ലഭ്യമായി കാണുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ടെണ്ടർ നോട്ടീസ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എന്നാൽ മറുപടിയിൽ ടെണ്ടർ നോട്ടീസിൽ മരം ഏതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ലെന്ന് നിർവഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. 7 ടെണ്ടറുകളായിരുന്നു ലഭ്യമായത്. അതിൽ 5 സ്ഥാപനങ്ങൾ മഹാഗണി,ആഞ്ഞിലി മരത്തിന്റെ നിരക്കുകളും ഒരു സ്ഥാപനം മഹാഗണി , ആഞ്ഞിലി,അക്കേഷ്യാ എന്നിവയുടെ നിരക്കുകളും വേറൊരു സ്ഥാപനം ആഞ്ഞിലി, സ്റ്റീൽ എന്നിവയുടെനിരക്കുകളും ക്വോട്ട് ചെയ്തിരിക്കുന്നു. ഏറ്റവും കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മരം/സ്റ്റീൽ | സ്ഥാപനം | നിരക്ക് |
|---|---|---|---|
| 1 | മഹാഗണി | വുഡ് മെക് ഫർണിച്ചർ, തളിപ്പറമ്പ | ₹2970 |
| 2 | ആഞ്ഞിലി | പി.വി. എൻജിനീയറിംഗ് വർക്ക്സ്,മണൽ വയൽ | ₹3200 |
| 3 | അക്കേഷ്യാ | മുണ്ടിക്കുന്നേൽ ഏജൻസീസ്, അത്താണി | ₹3950 |
| 4 | സ്റ്റീൽ | അസിം ഡിസൈനിംഗ് & ഇന്റീരിയേഴ്സ്, കോഴിക്കോട് | ₹3748 |

പഞ്ചായത്ത് ₹3400 എന്ന നിരക്കിലുള്ള ജെ.കെ. ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ആഞ്ഞിലി മരത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും ₹3300 എന്ന നിരക്കിൽ തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം നിരക്കിൽ ₹100 കുറവ് ചെയ്തത് സംബന്ധിച്ച് രേഖാ മൂലം കത്തിടപാടുകൾ നടന്നതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ആഞ്ഞിലിയിൽ നിർമ്മിച്ച കട്ടിലിനാണ് ഈടും ഗുണ മേന്മയും ലഭിക്കുക എന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗങ്ങളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത മരം തെരഞ്ഞെടുത്തത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. ആഞ്ഞിലി മരം തെരഞ്ഞടുക്കുന്നതുമായി ബന്ധപ്പെട്ടും ജെ.കെ. ഫർണിച്ചേഴ്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിക്കുന്നത് സംബന്ധിച്ചും പഞ്ചായത്തിന് യാതൊരു വിദഗ്ധ അഭിപ്രായവും ലഭിച്ചിട്ടില്ല. കൂടിയ നിരക്ക് ക്വാട്ട് ചെയ്തിട്ടും ജെ.കെ. ഫർണിച്ചേഴ്സിന്റെ ടെണ്ടർ സ്വീകരിക്കുന്നതിന്റെ കാരണം സംബന്ധിച്ചും വ്യക്തമായ പരാമർശങ്ങളില്ല. പി.വി. എൻജിനീയറിംഗ് വർക്ക്സിനു പുറമെ വുഡ് മെക് ഫർണിച്ചർ, തളിപ്പറമ്പ എന്ന സ്ഥാപനവും ജെ.കെ. ഫർണിച്ചേഴ്സ് ക്വാട്ട് ചെയ്തിരുന്നതിനെക്കാൾ കുറഞ്ഞ തുകയാണ് (₹3330/-) ആഞ്ഞിലി മരം കൊണ്ട് നിർമ്മിച്ച കട്ടിലിന് ക്വാട്ട് ചെയ്തിരുന്നത്.

2) പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) ലഭിച്ച കട്ടിലുകൾ ആഞ്ഞിലി മരത്തിന്റേതാണെന്ന് വനം വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കി ഉറപ്പു വരുത്തിയിട്ടില്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ ₹3,45,600 ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-33 അങ്കണവാടികളിലെ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണം.

ആലക്കോട് ഗ്രാമ പഞ്ചായത്തിൽ ആകെ 38 അങ്കണവാടികളാണുള്ളത്. ഇതിൽ 34 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 4 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 2 അങ്കണവാടികളിൽ ഇതേ വരേ വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല. പ്രസ്തുത അങ്കണവാടികളിൽ വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 15 അങ്കണവാടികളിൽ മാത്രമേ സ്വന്തമായി കുടിവെള്ള സൗകര്യം ഏർപ്പെടുത്തപ്പെട്ടിട്ടുള്ളൂ. ഇക്കാര്യത്തിലും അവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. 11 അങ്കണവാടികൾക്ക് ഭാഗികമായി മാത്രമേ ചുറ്റമതിൽ സൗകര്യമുള്ളൂ. കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്താനാവശ്യമായ വിധത്തിലുള്ള ചുറ്റമതിൽ നിർമ്മിക്കുന്ന കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഒരു അങ്കണവാടിയിൽ പോലും ബേബി ഫ്രണ്ട്ലി ടോയിലറ്റ് സ്ഥാപിക്കപ്പെട്ടില്ല എന്നതും ഗൗരവകരമായ പോരായ്മയാണ്. അങ്കണവാടികളിലെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 തുക അടച്ചിട്ടും ഹോമിയോ മരുന്നുകൾ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 37/21 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ | ₹200000<br>മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹200000 |
| ചെലവ് നടന്ന തീയ്യതി ക്യാഷ് ബുക്ക് പ്രകാരം | 28-10-2020 |

മേൽ സൂചിപ്പിച്ച പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ.ഓപ്പറേറ്റീവ് ഫാർമസിയുടെ അക്കൗണ്ടിലേക്ക് ₹200000 കൈമാറിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ- PF 716/14-10-2020) എന്നാൽ ഇതേ വരെ മരുന്നുകൾ ഹോമിയോപ്പതിക് കോ.ഓപ്പറേറ്റീവ് ഫാർമസി എത്തിച്ചു നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് കത്തിടപാടുകൾ നടന്നു വരികയാണെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ലഭിച്ചതിനു ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2020-21 വർഷത്തെ ഇ ബിൽ ബുക്കിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്കിൽ വൗച്ചർ നമ്പറും രേഖപ്പെടുത്തുന്നില്ല. ഈ അപാകങ്ങളും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ടി ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.ലഭിച്ച മുഴുവൻ തുകയും സബ് സിഡിയറി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

ജി ഒ (പി) 177/2006 തി 12.04.2006 ലെ ഖ. 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി ആർ 7 എ ക്യഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം തദ്ദേശഭരണ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധംIV) സൂക്ഷിക്കണം. എന്നാൽ ഹെഡ് മാസ്റ്റർ സബ്സിഡിയറി രജിസ്റ്റർ ( അനുബന്ധംIV) മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.2020-21 വർഷം ഹെഡ് മാസ്റ്റർ രണ്ട് പ്രൊജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 21.04.2020 ന് പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനോപകരണകിറ്റ് വിതരണം (194/2021) എന്ന പ്രൊജക്ടിന് വേണ്ടി പിൻവലിച്ച 149841/- രൂപ സബ് സിഡിയറി രജിസ്റ്ററിൽ ചേർത്തിട്ടില്ല. മാത്രമല്ല 2020-21 വർഷം കണ്ടിജൻസി ഇനത്തിൽ ചെലവഴിക്കുന്നതിലേക്കായി സെക്രട്ടറി നൽകിയ 4942/- രൂപയും സബ്സിഡിയറി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/2020-21) മറുപടിയായി ടി ആർ 7 എ ക്യാഷ് ബുക്ക് തുടർ വർഷങ്ങളിൽ പരിപാലിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച മുഴവൻ തുകയും സബ്സിഡിയറി രജിസ്റ്ററിൽ ചേർക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ടി ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച മുഴവൻ തുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ചേർക്കേണ്ടതുമാണ്.

## 1-36 സംയുക്തപ്രൊജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി ലഭിച്ച തുക വിനിയോഗിക്കാതെ കിടക്കുന്നു.

വിവിധ വർഷങ്ങളിൽ സംയുക്തപ്രൊജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പുണ്ട്.

എ)

| ക്രമ നമ്പർ | ലഭിച്ച തുക | പ്രൊജക്ട് | വർഷം | ഉപയോഗിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | 500000 | ഒറ്റത്തൈ അംഗൻവാടി കെട്ടിട നിർമ്മാണം | 20.04.2016 | 299517 | 200483 |
| 2 | 300000 | പെരുവട്ടം അംഗൻവാടി കെട്ടിട നിർമ്മാണം | 29.01.2020 | 0 | 300000 |

ബി) 13.05.2020 തീയതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 550000/- രൂപ ഏത് പ്രവൃത്തികൾക്ക് വേണ്ടിയാണ് നൽകിയതെന്ന് വ്യക്തമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് തുക നിക്ഷേപിച്ചിട്ടുള്ളത്.

| ക്രമനമ്പർ | ലഭിച്ച തീയതി | തുക |
|---|---|---|
| 1 | 13.05.2020 | 400000/- |
| 2 | 13.05.2020 | 150000/- |

ജി.ഒ.(പി)നം.87/2017/ധന തീയതി 23.01.2017 ഉത്തരവിലെ ഖണ്ഡിക (V) പ്രകാരം വിനിയോഗിക്കാൻ സാധ്യതയില്ലാത്ത തുക ഫെബ്രുവരി 28 ന് മുമ്പ് അതത് പ്രാദേശിക സ്വയം ഭരണ സ്ഥാപനത്തിന് തിരികെ നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം സർക്കാർ നിർദേശം പാലിച്ചിട്ടില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (III) പ്രകാരം ഇപ്രകാരം ലഭിച്ച തുക പ്രത്യേക ടി എസ് ബി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദേശങ്ങൾ പാലിക്കേണ്ടതാണ്. സർക്കാർ നിർദേശങ്ങൾ പ്രകാരം തുക അടിയന്തിരമായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെരുവട്ടം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി-ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് തുക നൽകി- 23037രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | SO 244/21 |
| പ്രൊജക്ടിന്റെ പേര് | പെരുവട്ടം കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി |
| അടങ്കൽ | വികസനഫണ്ട്-പൊതുവിഭാഗം 40,000/- |

| | |
|---|---|
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1460000/-<br>ആകെ -1500000/- |
| ചെലവ് തുക | 1410000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| വൗച്ചർ നമ്പർ,തീയതി/ തുക | 90/2020-21<br>തീയതി 05-02-21-1139364/-<br>106/2020-21<br>തീയതി 24-03-21-270636/- |
| കരാറുകാരന്റെ പേര് | ശ്രീ ടി എസ് രാജു. |
| ക്വാട്ട് ചെയ്ത നിരക്ക് (ഐറ്റം റേറ്റ് ) | 1262240/- (Without Taxes) |
| എം.ബുക്ക് നമ്പർ | 43/2020-21<br>67/2020-21 |
| എഗ്രിമെന്റ് നമ്പർ / തീയതി | 27/AE/LSGD/AKD/2020-21<br>തീയതി 22-02-2020 |
| സാങ്കേതികാനുമതി നമ്പർ/ തീയതി/തുക | 101570/2019-20<br>1500000/- |

എം ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് സൈറ്റ് പരിശോധനയിൽ കണ്ടെത്തി . 23037/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല .

പെരുവട്ടം കുടിവെള്ളപദ്ധതി അറ്റകുറ്റപണി പ്രോജക്റ്റ് നിർവഹണവുമായി ബന്ധപ്പെട്ട് സൈറ്റ് പ്രദേശത്ത് 19-11-2021 ന് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സംയുക്തപരിശോധനയിൽ (സംയുക്തപരിശോധനറിപ്പോർട്ട് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്) പരിശോധനയിൽ എക്സ്ട്രാ ഇനമായ Item Shifted To Head 14 As Item 14.74 Steel Work Welded In Built Up Section /Framed Work Including Cutting, Hoisting,fixing In Position And Applying A Primary Coat Of Approved Steel Primer Using Structural Steel Etc,as Required (എക്സ്ട്രാ ഇനം-6,ഷെഡ്യൂൾ കോഡ് 10.25.2 ) ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയ (പേജ് നമ്പർ- 6,7,20 ) Well Cover,ladder,tank Manhole Cover എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ലെന്ന് കാണുന്നു.പ്രസ്തുത പ്രവൃത്തി ഇനത്തിന് [181.238 Kg X113.49 =20568.7 +2468.24 (12% GST) ] കരാറുകാരന് നൽകിയ 23037രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. എക്സ്ട്രാ ഇനം-6,ഷെഡ്യൂൾ കോഡ് 10.25.2 Well Cover,ladder,tank Manhole Cover എന്നീ പ്രവൃത്തികൾ പ്രവൃത്തി പൂർത്തീയായ ശേഷം സൈറ്റിൽ പോയി അളവുകൾ എടുത്തതിന് ശേഷമാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി പ്രദേശത്ത് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ഇവ സൈറ്റിൽ നിന്നും നീക്കം ചെയ്തത് ശ്രദ്ധയിൽപ്പെട്ടില്ലെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (AE-16/2020-21തീയതി 20-11-2021) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകിയത്.പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കുകയോ അല്ലാത്ത പക്ഷം ഈയിനത്തിലെ ചെലവ് തുകയായ 23037/- രൂപ തിരിച്ചടക്കേണ്ടതാണ്.

## 3-2 പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ -195/20-21 (Spill Over)-₹2,400 നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നം | 195/20-21(Spill Over) |
| പ്രോജക്റ്റിന്റെ പേര് | പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ | 1,50,000/- (വികസനഫണ്ട്-ടി.എസ്.പി.)<br>470/- (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 1,30,170/- (വികസന ഫണ്ട്-ടി.എസ്.പി.)<br>7030/- (ഗുണഭോക്തൃവിഹിതം)-മുൻവർഷം ഒടുക്കിയത് |
| ബിൽ നം/തിയതി | 0285/21.4.20 |

പട്ടിക വർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ വാങ്ങിനൽകുന്നതിനാണ് മേൽ പ്രൊജക്ട് വിഭാവനം ചെയ്യുന്നത്.

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന എലൈറ്റ് ഇലക്ട്രിക്കൽസ്,ചക്കരക്കൽ എന്ന സ്ഥാപനത്തിൽ നിന്നും 11,800/- രൂപ വിലയുള്ള 10 ചെണ്ടകളും 3,200/- രൂപ വിലയുള്ള 6 ഇലത്താളവും വാങ്ങി (ഇൻവോയ്സ് നം.60/10.3.20) ശ്രീമുത്തപ്പൻ വാദ്യ കലാ സംഘം കാപ്പിമല ,കളിയാട്ടം കലാസമിതി നെല്ലിപ്പാറ എന്നീ പട്ടികവർഗ്ഗ യുവജന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.എലൈറ്റ്സ് ഇലക്ട്രിക്കൽസ് ചെണ്ട 11,800/- രൂപയ്ക്കും ചെണ്ട (വീക്ക്) 11000/- രൂപയ്ക്കുമാണ് ക്വാട്ട് ചെയ്തത്. ഇൻവോയ്സ് നം.60/10.3.20) പ്രകാരം 11800/- രൂപയുടെ ചെണ്ടയാണ് വാങ്ങിയിരിക്കുന്നത്. കളിയാട്ടം കലാസമിതി നെല്ലിപ്പാറയുടെ കൈപ്പറ്റ് പ്രകാരം 5 ചെണ്ട വാങ്ങിയതിൽ 3 എണ്ണം വീക്ക് ചെണ്ട എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വീക്ക് ചെണ്ടയ്ക്ക് ഇൻവോയ്സ് നം.60/10.3.20 പ്രകാരം വാങ്ങിയിരിക്കുന്ന ചെണ്ടയേക്കാൾ ₹800 കുറവാണ്. ആതിനാൽ 3 ചെണ്ടയ്ക്ക് അധികം നൽകിയ ₹2,400 നിരാകരിക്കുന്നു.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 08.11.2021 മുതൽ<br>09.11.2021 വരെ | നം.കെ.എസ്.എ./കെ.എൻ.ആർ./<br>സി.13/1354/21 തീയതി 03.01.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | മുന്നിരിപ്പുൾപ്പെടെ ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത്, കണ്ണൂർ | | 607842 | പാലുൽപ്പാദന ഇൻസെന്റീവ്<br>(പ്രോജക്ട് നമ്പർ-188/21) | | 607842 | 0 |
| | | 97500 | കാർഷിക സ്വയംപര്യാപ്തഗ്രാമങ്ങൾ<br>(പ്രോജക്ട് നമ്പർ-160/21) | | 97500 | 0 |
| | | 80000 | കാർഷിക സ്വയംപര്യാപ്തഗ്രാമങ്ങൾ-വനിതാഗ്രൂപ്പ്-വാഴകൃഷി<br>(പ്രോജക്ട് നമ്പർ-196/21) | | 80000 | 0 |
| | | 51000 | കരനെൽകൃഷി വികസനം<br>(പ്രോജക്ട് നമ്പർ-280/21) | | 51000 | 0 |
| | | 126000 | പച്ചക്കറി തൈ വിതരണം | | 126000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | (പ്രോജക്ട് നമ്പർ-281/201 | | | |
| | | 63750 | ഫലവൃക്ഷതൈകളുടെ വിതരണവും സംരക്ഷണവും (പ്രോജക്ട് നമ്പർ-284/21) | | 63750 | 0 |
| | | 65000 | സ്കൂൾ കുട്ടികൾക്ക് കോഴിക്കുഞ്ഞ് വിതരണം (പ്രോജക്ട് നമ്പർ-190/21) | | 65000 | 0 |
| | | 37120 | സാന്ത്വനപരിചരണപരിപാടി (പ്രോജക്ട് നമ്പർ-198/21) | | 37120 | 0 |
| | | 207800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ-18/21) | | 207800 | 0 |
| | | 1109693 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രോജക്ട് നമ്പർ-104/21) | | 1109693 | 0 |
| | | 439300 | ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം) (പ്രോജക്ട് നമ്പർ-162/21) | | 439300 | 0 |
| | | 783477 | കണ്ടം കൊട്ടയാട് വിസിബി ക്ക് മുകളിൽ പാലം നിർമ്മാണം (പ്രോജക്ട് നമ്പർ-236/21) | | 783477 | 0 |
| | ആകെ | 3668482 | | | 3668482 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ. | 1600000 | | ലൈഫ് ഭവനപദ്ധതി (ജനറൽ) (പ്രോജക്ട് നമ്പർ-SO342/21) | 1600000 | 1563333 | 36667 |
| | | 240000 | കിഴങ്ങുവർഗ്ഗവികസനപദ്ധതി (പ്രോജക്ട് നമ്പർ-283/21) | 240000 | 240000 | 0 |
| | | 51000 | കരനെൽകൃഷിവികസനം (പ്രോജക്ട് നമ്പർ-280/21) | 51000 | 51000 | 0 |
| | | 700000 | പി എം എ വൈ വിഹിതം (പ്രോജക്ട് നമ്പർ-53/21) | 700000 | 700000 | 0 |
| | | 375000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്. (പ്രോജക്ട് നമ്പർ-18/21) | 375000 | 375000 | 0 |
| | | 480000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) (പ്രോജക്ട് നമ്പർ-161/21) | 480000 | 480000 | 0 |
| | | 40000 | ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം) (പ്രോജക്ട് നമ്പർ-162/21) | 40000 | 40000 | 0 |

| | | | | | |
|---|---|---|---|---|---|
| | 100000 | ലൈഫ് ഭവന പദ്ധതി (പട്ടികജാതി-SO-287/21) | 100000 | 100000 | 0 |
| | 125700 | ലൈഫ് ഭവനപദ്ധതി (പട്ടികവർഗ്ഗം) (പ്രോജക്ട് നമ്പർ-SO288/21) | 125700 | 125700 | 0 |
| | 367000 | പുളിയിലംകുണ്ട് ശ്മശാനം നവീകരണം(പ്രോജക്ട് നമ്പർ-SO219/21) | 367000 | 367000 | 0 |
| | 1410000 | പെരുവട്ടം കുടിവെള്ളപദ്ധതി അറ്റകുറ്റപ്പണി(പ്രോജക്ട് നമ്പർ-SO246/21) | 1410000 | 1410000 | 0 |
| | 450000 | പാലുൽപ്പാദന ഇൻസെന്റീവ് (പ്രോജക്ട് നമ്പർ-188/21) | 450000 | 450000 | 0 |
| ആകെ | 4338700 | | 5938700 | 5902033 | 36667 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാനവിദ്യുച്ഛക്തി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.143/21) | 22001229 തീയതി 04-02-2021 | 191245 | 0 | 191245 |
| | | 22001336 തീയതി 27-02-2021 | 517241 | 0 | 517241 |
| | | 22001337 തീയതി 27-02-2021 | 540092 | 0 | 540092 |
| | | 22001318 തീയതി 10-03-2021 | 74924 | 0 | 74924 |
| | | 22001484 തീയതി 30-03-2021 | 424328 | 0 | 424328 |
| | | 22000866 തീയതി 24-11-20 | 377364 | 0 | 377364 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.215/21) | 22000235 തീയതി 07-05-2020 | 772667 | 0 | 772667 |
| | | 22000235 തീയതി 07-05-2020 | 502061 | 0 | 502061 |
| ആകെ | | | 3399922 | | 3399922 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം.

| വർഷം | വായ്പയുടെ ഉദ്ദേശ്യം, വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | തൻ വർഷം ലഭിച്ച വായ്പ | വർഷാ രംഭ ത്തിൽ തിരിച്ചട ക്കാൻ ബാക്കി ₹ | തൻ വർഷം തിരി ച്ചടച്ച തുക ₹ | | വർഷാ വസാനം തിരിച്ചട ക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 2020-21 | ലൈഫ് ഭവന പദ്ധതി – കെ.യു.ആർ. ഡി.എഫ്.സി | ലഭ്യമാക്കിയിട്ടില്ല | 4425888 | 0 | 3999417 | 482862 | - | 3516555 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം രൂപയുടെ സ്ഥിരനിക്ഷേപം നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ | 1353278/- |
| തൻവർഷം നിക്ഷേപിച്ച തുക | 88092/- (പലിശ) |
| ആകെ | 1441370/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ | 1441370/- |
| സ്ഥിരനിക്ഷപത്തിന്റെ വിവരം. | FD രശീത് നമ്പർ-104681<br>തീയതി 26-02-2021<br>അക്കൗണ്ട് നം.1063512000002/1<br>കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, ആലക്കോട് ശാഖ.<br>കാലാവധി തീയതി-26-02-2020<br>പലിശനിരക്ക്-6.25%<br>കാലാവധി തുക-1531456/- |

## 4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.13.4 | 2001-02 | 6 | സാമൂഹ്യ ജലസേചന പദ്ധതി | സമിതിയുടെ പരിഗണനയിൽ |
| 2004-05 | 3.13.1.7 | 2001-02 | 6,7,8 | പദ്ധതിവിഹിതം | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 85.3 | 2001-02 | 3.3 | തേയില കൊതുക് നിവാരണം. | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 120440991 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 119456096 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25437 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2433093 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-1 | | 23037 | രേഷ്മ എസ് കുമാർ, അസിസ്റ്റന്റ് എൻജിനീയർ. |
| 3-2 | | 2400 | ജോസഫ് പി.എ, അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | | 25437 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 13,86,963 | രേഷ്മ എസ് കുമാർ, അസിസ്റ്റന്റ് എൻജിനീയർ. |
| 1-26 | 52,800 | ജോസഫ് പി.എ, അസിസ്റ്റന്റ് സെക്രട്ടറി. |
| 1-27 | 1,84,800 | ജോസഫ് പി.എ, അസിസ്റ്റന്റ് സെക്രട്ടറി. |

| | | |
|---|---|---|
| 1-28 | 1,93,720 | ജോസഫ് പി.എ,<br>അസിസ്റ്റന്റ് സെക്രട്ടറി. |
| 1-30 | 1,27,770 | ജോസഫ് പി.എ,<br>അസിസ്റ്റന്റ് സെക്രട്ടറി. |
| 1-31 | 1,40,540 | ജോസഫ് പി.എ,<br>അസിസ്റ്റന്റ് സെക്രട്ടറി. |
| 1-32 | 3,46,500 | ജോസഫ് പി.എ,<br>അസിസ്റ്റന്റ് സെക്രട്ടറി. |
| ആകെ | 24,33,093 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-11, 1-12, 1-22 |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രേഷ്മ എസ് കുമാർ,<br>അസിസ്റ്റന്റ് എൻജിനീയർ. | എംപ്ലോയ്മെന്റ് നിയമനം | പൂമുഖത്ത് പുത്തൻ വീട്,<br>കറുമരക്കോട്,<br>അരുവിക്കര, തിരുവനന്തപുരം |
| ജോസഫ് പി.എ,<br>അസിസ്റ്റന്റ് സെക്രട്ടറി. | വിരമിച്ചു. | പാമ്പൂർക്കൽ,<br>പെരുമ്പടവ്,കരിപ്പാൽ (പി.ഒ),<br>കണ്ണൂർ. |

(ജി ) ഓഡിറ്റ് എൻക്വയറികളുടെ അടിസ്ഥാനത്തിൽ തിരിച്ചടച്ച തുകകളുടെ വിവരം.

| എൻക്വയറി നമ്പർ | വിഷയം | അടവാക്കിയ തുക | രസീത് നം.തീയതി,അടവാക്കിയ വ്യക്തിയുടെ പേര് |
|---|---|---|---|
| 2/2020-21<br>തീയതി<br>11-11-2021 | അരങ്ങം ലക്ഷം വീട് കോളനി പട്ടികജാതി ശ്മശാനത്തിന് ചുറ്റുമതിൽ-കരാറുകാരന് 23,821/-രൂപ അധികം നൽകി | 23,821 | 121010102534<br>തീയതി 22-11-2021<br>ശ്രീ ജോജോ മാത്യു,<br>കരാറുകാരൻ |
| 3/2020-21<br>തീയതി<br>11-11-2021 | തിമിരി എളയാട് പടിഞ്ഞാറേക്കര റോഡ് ടാറിംഗ് റീ ടാറിംഗ്-കരാറുകാരന് 18,878/-രൂപ അധികം നൽകി | 18,878 | 121010102537<br>തീയതി 22-11-2021<br>ശ്രീ.എൻ.സി.സെബാസ്റ്റ്യൻ,<br>കരാറുകാരൻ |
| 7/2020-21<br>തീയതി<br>16-11-2021 | കൊട്ടയാട് സബ് സെന്റർ നവീകരണം-കരാറുകാരന് 1680/-രൂപ അധികം നൽകി | 1,680 | 121010102533<br>തീയതി 22-11-2021<br>ശ്രീ ജോജോ മാത്യു,<br>കരാറുകാരൻ |

| | | | |
|---|---|---|---|
| 11/2020-21 തീയതി 18-11-2021 | പെരുനിലം റോഡ് റീ ടാറിംഗ്-കരാറുകാരന് 44689/- രൂപ അധികം നൽകി | 44,689 | 121010102536 തീയതി 22-11-2021 ശ്രീ.എൻ.സി.സെബാസ്റ്റ്യൻ കരാറുകാരൻ |
| 19/2020-21 തീയതി 22-11-2021 | കുറ്റിപ്പുഴ ഒറ്റമുണ്ടപ്പള്ളി റോഡ് ടാറിംഗ്-കരാറുകാരന് 28452/- രൂപ അധികം നൽകി | 28,452 | 121010102550 തീയതി 22-11-2021 ശ്രീ.എൻ.സി.സെബാസ്റ്റ്യൻ, കരാറുകാരൻ |
| 20/2020-21 തീയതി 23-11-2021 | തിമിരി സ്കൂളിന് പ്ലംബിംഗ്-കരാറുകാരന് 1200/- രൂപ അധികം നൽകി | 1,200 | 121010102555 തീയതി 23-11-2021 ശ്രീ.പി.വി.വിനോദ് കുമാർ, കരാറുകാരൻ |
| ആകെ | | 1,18,720 | |

തിരിച്ചടച്ച 1,18,720/- രൂപ ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്ക് തന്നെ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 (പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/ കെ.എൻ.ആർ/സി.13/ 721/2019 തീയതി 27-05-2019 | 1 | - |
| 2001-02 (പദ്ധതിവിഹിതം) | -----ടി---- | 1 | - |
| 2001-02 (പദ്ധതി വിഹിതം ഒഴികെ) | -----ടി---- | 1 | - |
| 2004-05 | -----ടി---- | 5 | - |
| 2005-06 | -----ടി---- | 5 | - |
| 2006-07 | -----ടി---- | 9 | - |
| 2007-08 | -----ടി---- | 1 | - |
| 2008-09 | -----ടി---- | 3 | - |
| 2009-10, 2010-11,2011-12 | -----ടി---- | 12 | - |

| | | | |
|---|---|---|---|
| 2012-13, 2013-14 | -----ടി---- | 6 | - |
| 2014-15 | -----ടി---- | 7 | - |
| 2015-16 | -----ടി---- | 15 | - |
| 2016-17 | -----ടി---- | 19 | - |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി13/574/2018 തീയതി 01-06-2019 | 1 | - |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി13-847/2020 തീയതി 20-11-2020 | 13 | പ്രഥമമറുപടി സമർപ്പിച്ചിട്ടില്ല. |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/ സി13/1353/2021 തീയതി 13-12-2021 | 20 | - |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ആലക്കോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## ഫിനൻഷ്യൽ സ്റ്റേറ്റ്മെന്റ്

| Alakode Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31477968.00 |
| Cash | Cash | RP-40(a) | 4376.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1394230.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1250.00 |
| 140000000 | Fees & User Charges | RP-4 | 972919.00 |
| 150000000 | Sale & Hire Charges | RP-5 | 376709.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 97701778.00 |
| 171000000 | Interest Earned | RP-9 | 448995.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10739965.00 |
| 350000000 | Other Liabilities | RP-36 | 1013667.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1448.00 |
| 311000000 | Earmarked Funds | RP-29 | 120.00 |
| 340000000 | Deposits Received | RP-34 | 137834.00 |
| 350000000 | Other Liabilities | RP-36 | 481757.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 7170319.00 |
| 460000000 | Loans, Advances and Deposits | RP-47 | 0.0 |
| | Grand total | | 151923335.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4303183.00 |
| 220000000 | Administrative Expenses | RP-12 | 961393.00 |
| 230000000 | Operations & Maintenance | RP-13 | 1083689.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8558699.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 28805108.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4811419.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 3522319.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 225520.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 22175071.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 15000.00 |
| 280000000 | Prior Period item | RP-26 | -212070.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 617261.00 |
| 350000000 | Other Liabilities | RP-36 | 7217413.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 660.00 |
| 280000000 | Prior Period Item | RP-26 | -4425.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 6000.00 |
| 340000000 | Deposits Received | RP-34 | 28000.00 |
| 350000000 | Other Liabilities | RP-36 | 2240275.00 |
| 410000000 | Fixed Assets | RP-38 | 20483162.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 8632483.00 |
| 460000000 | Loans, Advances and Deposits | RP-47 | 5985936.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 32255798.00 |
| Cash | Cash | RP-40(b) | 211441.00 |
| | Grand Total | | 151923335.00 |

Alakode Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 8440240.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 244826.00 |
| 140000000 | Fee & User Charges | I-4(b) | 1267869.00 |
| 150000000 | Sale & Hire Charges | I-5(b) | 380019.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 235859025.00 |
| 170000000 | Income from Investments | I-7 | 88092.00 |
| 171000000 | Interest Earned | I-8 | 448995.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 1448.00 |
| | Total Income | | 246730514.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12658475.00 |
| 220000000 | Administrative Expenses | I-11(b) | 1132517.00 |
| 230000000 | Operations & Maintenance | I-12(b) | 2504116.00 |
| 240000000 | Interest & Finance Charges | I-13 | 660.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11720605.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 75763291.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4625766.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3522319.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 82397520.00 |
| 255000000 | Maintenance Projects | I-14(e) | 22175071.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 15000.00 |
| 272000000 | Depreciation | I-17(a) | 19858404.00 |
| | Total Expenditure | | 236373744.00 |
| | Gross Surplus/ Deficit of income over Expenditure | | 10356770.00 |
| 280000000 | Prior Period Item | I-18 | -193656.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10550426.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Alakode Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14141035.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 542.00 |
| 312000000 | Reserves | B-3 | 176458366.00 |
| | Total Reserve & Surplus | | 190599943.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9373339.00 |
| | Total Grants, Contributions for Specific Purposes | | 9373339.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3516555.00 |
| | Total Loans | | 3516555.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 473292.00 |
| 350000000 | Other Liabilities | B-9 | 2901129.85 |
| | Total Current Liabilities and Provisions | | 3374421.85 |
| | TOTAL LIABILITIES | | 206864259.30 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 224998708.00 |
| 411000000 | Accumulated Depreciation | B-11 | -66519710.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 158478998.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1441370.00 |
| | Total Investments | | 1441370.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 9416212.30 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 32467239.00 |
| 460000000 | Loans, Advances and Deposits | B-18 | 5060440.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 46943891.30 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 206864259.30 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.